# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6734** 09.11.2016 ൽ മറുപടിയ്ക്ക്

**സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; 2016-17 സാമ്പത്തിക വർഷം ഇതിനായി എത്ര തുക വകയിരുത്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | 2016-17 വർഷത്തിൽ "മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ" ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവധതരം സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരിമൂലധനം, സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 2016-17 വർഷത്തിൽ മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിക്കായി വായ്പ തുക ഇനത്തിൽ 240 ലക്ഷം രൂപയും, ഓഹരി മൂലധനം ഇനത്തിൽ 360 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 600 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷനും ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾക്കും സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 2016-17 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി വകകൊള്ളിച്ചിട്ടുള്ള സബ്സിഡി 751.68 ലക്ഷം രൂപയും ഓഹരി മൂലധനം 176.32 ലക്ഷം രൂപയും ഉൾപ്പെടെ ആകെയുള്ള 928 ലക്ഷം രൂപയുടെ നിലവിലുള്ള പദ്ധതിയിൽ നിന്നും കെ.ജി.റ്റി.ഇ./മറ്റു സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേക്ക് എസ്.സി/എസ്.റ്റി. വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ